# അദ്ധ്യായം-20

അതിപ്രധാനമായ പല വിഷയങ്ങൾ ഉള്ളടക്കം ചെയ്ത ഒരു ചെറിയ അദ്ധ്യായമാണിത്. പ്രസ്തുത വിഷയങ്ങൾ അതിന്റെ ക്രമത്തിൽ നമുക്ക് ചിന്തിക്കാം.

**സാത്താന്റെ ബന്ധനം (Binding of satan)**

**വെളി :(20:1-3)**

' അനന്തരം' എന്ന വാക്കോടെയാണ് ഈ അദ്ധ്യായവും ആരംഭിക്കുന്നത്. അതായത് മൃഗത്തേയും കള്ളപ്രവാചകനേയും പിടിച്ചുകെട്ടി ഇരുവരേയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിലിട്ടശേഷം (വെളി:19 :20) കണ്ട സംഭവങ്ങളാണ് യോഹന്നാൻ വിവരിക്കുന്നത്. 'ഞാൻ കണ്ടു' - എന്നത് ഒന്നുകൂടി കണ്ടകാര്യം ഉറപ്പിക്കുന്നു. സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന ദൂതന്റെ കൈവശം ഉണ്ടായിരുന്ന വസ്തുക്കൾ ഏതെല്ലാം? വെളി : (20:1)

(അഗാധകൂപം (abyss ) chapter (9) ൽ പറഞ്ഞിട്ടുണ്ട്.) അഗാധകൂപത്തിന്റെ താക്കോൽ ആരുടെ കൈവശം ആയിരുന്നു. വെളി : (1:18)

വലിയ ചങ്ങല (heavy chain)പിടിച്ചുകൊണ്ട് വന്നു. എന്നാൽ ഉടനെ ബന്ധിക്കുവാനുള്ള ഒരുക്കത്തെ കാണക്കുന്നു. (വെളി :20:1)

ആരെയാണ് ആയിരമാണ്ടേക്ക് ചങ്ങലയിടുന്നത്- (വെളി :20:2)

ചങ്ങലയിട്ടു - ബലമായിട്ട് ഇട്ടു എന്നർത്ഥം.

ഈ പ്രവർത്തി ചെയ്തത് -ദൈവം അയച്ച ദൂതൻ

[കോടതിയുടെ സമൻസുമായി വരുമ്പോൾ എത്ര വലിയ ആളായാലും അറസ്റ്റ് വരിച്ചേ മതിയാകൂ. ഇതുപോലെ ദൈവീക കോടതിയുടെ നിർദ്ദേശം അനുസരിച്ചു വന്ന ദൂതനെ സാത്താൻ അനുസരിച്ചേ മതിയാകൂ. കാരണം ദൈവമാണവനെ അയച്ചത്.]

(മറ്റൊരുദാഹരണം- ഗോലിയാത്തിനെ തോല്പിച്ച ദാവീദ് (1ശമു:(16:12,13), (17:45,46)

നമ്മെയും ദൈവം തിരഞ്ഞെടുത്ത്, അഭിഷേകം ചെയ്ത് അയപ്പാനിടയാകട്ടെ.

മഹാസർപ്പത്തെ (പഴയപാമ്പിനെ ) അടച്ചുപൂട്ടി മുദ്രവച്ചത് എന്തിന്? വെളി: (20:3)

a. ജാതികളെ വഞ്ചിക്കാതിരിപ്പാൻ.

(വഞ്ചന , അവൻ ലോകാരംഭം മുതൽ തുടങ്ങിയതാണ്. (ഉല്പത്തി (3:1-6).ഇന്ന് അളവ് വർദ്ധിച്ചു എന്നു മാത്രം)

b.ആയിരാമാണ്ട് കഴിഞ്ഞ് അഴിച്ചു വിടുവാൻ ഇപ്പോൾ പൂട്ടിയേ മതിയാകുകയുള്ളു.

## എന്തിനാണ് പൂട്ടിയവനെ അഴിച്ചു വിടുന്നത്?

ആയിരാമാണ്ട് നീതിയുള്ള ന്യായാധിപതി സകല നന്മകളും പ്രദാനം ചെയ്തുള്ള ഭരണം കാഴ്ചവച്ചിട്ടും പലരും അവന്റെ സ്വാധീനതയിൽ തന്നെ ആണ്.

Read (യെശ:65:18---25)

സഹസ്രാബ്ദത്തിലെ നല്ല ഭരണത്തിലും മാറ്റം വരാത്ത മനുഷ്യരും , ഇത്ര വർഷം കഷ്ടതയിൽ കിടന്നിട്ടും മാറ്റം വരാത്ത സാത്താനുമുണ്ടെന്ന് കാണിപ്പാനുമാണ് ആയിരംവർഷത്തെ കാലാവധി കഴിഞ്ഞപ്പോൾ അവനെ സ്വതന്ത്രനാക്കിയത്.

## സഹസ്രാബ്ദവാഴ്ച (**Millenial Reign)**

The millenium means - Future time of great happiness and prosperity for every-one.

### സഹസ്രാബ്ദകാലത്ത് വരുന്ന മാറ്റങ്ങൾ

ഈ സമയം ഭൂമിയുടെ വീണ്ടെടുപ്പ് സാധിച്ചതിനാൽ (ആകാശവും , ഭൂമിയും മാറിപ്പോകുന്നു)

വരുന്ന മാറ്റങ്ങൾ ദൈവവചനത്തിൽ നിന്ന്

1. അന്തരീക്ഷത്തിലെ മാറ്റം - യെശ :(4:5-6)
2. സൂര്യചന്ദ്രൻമാരുടെ പ്രകാശവർദ്ധന - യെശ :(30:26)
3. പ്രകൃതിയിൽ മാറ്റം ഉണ്ടാകുന്നു - യെശ :(35:1,2)
4. കാലാവസ്ഥയും മഴയും - യെശ :(30:23)
5. വിളവിന്റെ വർദ്ധനവ് - സങ്കീ : (72:16)
6. കന്നുകാലികളുടെ മാറ്റം - യെശ :(7:21-22)
7. മുള്ളും പറക്കാരയും ഉണ്ടായിരിക്കുകയില്ല. - യെശ :(55:13)
8 മൃഗസാമ്രാജ്യത്തിൽ ശത്രുതയില്ല- യെശ :(11:6-9)
9. ജനപ്പെരുപ്പം -യെശ :(60:22)
10. ആരോഗ്യനിലയിൽ മാറ്റം - യെശ :(29:18,19)
11. യുദ്ധമില്ല , സന്തോഷവും സമാധാനവും ലഭ്യം.-യെശ :(32:17-18)

ഒന്നാം പുനരുത്ഥാന ശേഷമാണ് സഹസ്രാബ്ദ വാഴ്ച ആരംഭിക്കുന്നത്. ഇപ്രകാരം ആയിരാമാണ്ട് ക്രിസ്തുവിനോട് കൂടെ വാണ ഭാഗ്യവാന്മാർ ആരെല്ലാം?- വെളി :(20:4-,6)

ഈ വാഴ്ചയെപ്പറ്റി കൂടുതൽ അറിവാൻ വായിക്കുക- 2 തിമൊ : (2:11) , യെശ :(32:11)

ജയാളികൾക്ക് വാഴുന്നവനായി ഇരിക്കുവാനുള്ള സിംഹാസനങ്ങളാണ് യോഹന്നാൻ കണ്ടത്. ഇവിടെ അവർ ഇരുന്ന് ഭരണം ചെയ്യുന്നു. ഇവർക്ക് അധികാരവും , അധികാര പരിധിയും നിശ്ച യിക്കുന്നത് യജമാനൻ തന്നെയാണ്. ഉദാ ; (ലൂക്കോ :(19:17-19)

[ക്രിസ്തുവിനോടുകൂടെ വാണ മഹോപദ്രവകാല രക്തസാക്ഷികളെ മുൻപു കണ്ടത് - വെളി:(6:11) വെളി :(7:9-17), വെളി :(15:2-3)]

മരിച്ചവരിൽ ശേഷമുള്ളവർ അന്ത്യ ന്യായവിധിക്കായി ഉയർക്കുന്നു, വെളി :(20:5),

സാത്താനെ അഴിച്ചുവിടുന്നതെപ്പോൾ ? വെളി :(20:7),

തുടർന്ന സാത്താൻ ചെയ്യുന്ന പ്രവർത്തികൾ , പ്രവർത്തിയുടെ ഫലം - വെളി: (20:8,9)

നിരന്തരം ദണ്ഡനം അനുഭവിപ്പാൻ വിധിച്ച സാത്താന്റെ അവസ്ഥ - വെളി :(20:10),

## വെള്ള സിംഹാസന ന്യായവിധി (Final Judgement)

ന്യായാധിപൻ ആര് ? യോഹ : (5:22)

ന്യായവിധി - സഭാപ്രസംഗി (8:11),(12:14)

### തുടർന്ന് യോഹന്നാൻ കണ്ട കാഴ്ചകൾ - വെളി :(20:11-15),

1. വെള്ള സിംഹാസനവും അതിൽ ഇരിക്കുന്നവനെയും
2. ഭൂമിയും ആകാശവും ഓടിപ്പോയത്.
3. സിംഹാസനത്തിനു മുൻപിൽ മരിച്ചവർ ആബാലവൃദ്ധം നില്ക്കുന്നത്.
4. മരിച്ചവരെ ഏല്പിച്ചുകൊടുക്കുന്നു.- സമുദ്രം , പാതാളം, മരണം.
5. ഓരോരുത്തരുടെയും പ്രവർത്തിയുടെ ഫലം നൽകുവാൻ പുസ്തകങ്ങൾ തുറക്കുന്നു.
6. ജീവപുസ്തകത്തിൽ പേരില്ലാത്തവന്റെ അവസ്ഥ

[പുസ്തകങ്ങൾ - (1) നിയമപുസ്തകം- ദൈവവചനം

യോഹ :(12:48) റോമ:(2:16) ,(2) ഓർമ്മയുടെ പുസ്തകം(സ്മരണ പുസ്തകം)

ഇയ്യോബ്(10:14) (13:26,27)

3. ജീവപുസ്തകം - ക്രിസ്തുവിലൂടെ നിത്യജീവൻ പ്രാപിച്ചവരുടെ പേർ രേഖപ്പെടു ത്തുന്ന പുസ്തകം പുറ :(32:32,33)]

തീപ്പൊയ്കയുടെ അനുഭവം ഭയാനകമാണ്. ആകയാൽ സഹോദരങ്ങളെ നിങ്ങളുടെ ജീവനെ കർത്താവിനായി സമർപ്പിക്ക.

**Read -Romans (8:1)-** ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.